**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **17-09-2025 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ എടരിക്കോട് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിക്ക് കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഭൂമി വിട്ടു നൽകാത്തതിനാൽ പദ്ധതി ആരംഭിക്കാൻ കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | **ജലജീവൻ മിഷൻ പദ്ധതിക്കായി വിട്ടുനൽകുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ എടരിക്കോടിൽ കെൽ യൂണിറ്റിന്റെ ഉടമസ്ഥതയിലുള്ള 50.47 സെന്റ് സ്ഥലം സർക്കാർ ഭൂമിയല്ല. അത് കമ്പനി വിലകൊടുത്തു വാങ്ങിയതാണ്. പ്രസ്തുത സ്ഥലം സൗജന്യമായി വിട്ടുനൽകണമെന്ന ആവശ്യം കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ കഴിയുന്നതല്ല. കമ്പനിയ്ക്ക് നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | കുടിവെള്ള പദ്ധതിയുടെ ആവശ്യത്തിന് നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഈ ഭൂമി സൗജന്യമായി വിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |
| (സി) | ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയിൽ ഭൂമി വാങ്ങുന്നതിന് തുക അനുവദിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം പരിഗണിച്ച് എടരിക്കോട് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിക്ക് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഭൂമി സൗജന്യമായി വിട്ടു നൽകുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | എ പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ